കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

## ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ.പി.കെ.ഡി8-1044/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
ഫോൺ:04912 520145
email:dopkd.ksad@kerala.gov.in

തീയതി 18.09.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ്-(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.പി.കെ.ഡി8-1044/2019 തീയതി - 18.09.2019

## പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 09.11.2017 മുതൽ 25.4.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ വാസുദേവൻ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-04-2019മുതൽ 04-05-2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ ജി .റോബർട്ട് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. യു.ബിജുആന്റണി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എസ്.ശിവപ്രസാദ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. മുഹമ്മദ് ഹിഷാം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അരവിന്ദാക്ഷൻ | 01-04-2017മുതൽ 31-03-18വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ മൊയ്തുട്ടി | 01-04-2017മുതൽ 31-03-18വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 1 | ശ്രീ.അനീഷ്.ടി എസ് | 01-04-17മുതൽ 12-11-17വരെ |
| | | 2 | ശ്രീമതി.നിർമ്മല.കെ. | 13-11-17മുതൽ 31-03-18വരെ |
| 2 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ശ്രീ.നിക്കോളാസ് ജയചന്ദ്രൻ | 01-04-2017മുതൽ 31-03-18വരെ |
| 3 | ഡയറി എക്സ്ടൻഷൻ ഓഫീസർ | 1 | ശ്രീമതി.ഉഷാദേവി.കെ | 01-04-2017മുതൽ 10-07-2017വരെ |
| | | 2 | ശ്രീമതി.അഫ്സ.എംഎസ് | 11-07-2017മുതൽ 03-08-2017വരെ |
| | | 3 | ശ്രീ.ഫൈസൽ ഐ | 04-08-2017മുതൽ 12-11-17വരെ |
| | | 4 | ശ്രീമതി.ഗിരിജ ആർ | 13-11-17മുതൽ 31-03-18വരെ |
| 4 | പട്ടികജാതി വികസന ഓഫീസർ | 1 | ശ്രീ.ശ്രീജിത്ത് ബാബു | 01-04-2017മുതൽ 18-09-18വരെ |
| | | 2 | ശ്രീമതി.വാലന്റീന | 19-09-2017മുതൽ 16-01-2018വരെ |
| | | 3 | ശ്രീ.അജിത്ത്ബാബു | 17-01-2018മുതൽ 31-03-18വരെ |
| 5 | സി.ഡി.പി.ഒ | 1 | ശ്രീമതി.രാധിക സി | 01-04-2017മുതൽ 30-4-17വരെ |
| | | 2 | ശ്രീമതി.ഗീത.പി | 01-05-2017മുതൽ 19-7-17വരെ |
| | | 3 | ശ്രീമതി.രാസി.എസ് | 20-7-2017മുതൽ 31-03-18വരെ |
| 6 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കോങ്ങാട്) | | ഡോ.ദീപക് ജി | 01-04-2017മുതൽ 31-03-18വരെ |
| 7 | വ്യവസായ വികസന ഓഫീസർ | | ശ്രീ.ശരത്.ആർ | 01-04-2017മുതൽ 31-03-18വരെ |

**<u>ഉള്ളടക്കം</u>**

**ഭാഗം 1**

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ~~ബജറ്റ്~~ | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല.

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ അവലോകനം | 3-1 |
| 2 | 'പ്രഫഷണൽ കോഴ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്'-നിർവഹണത്തിലെ അപാകതകൾ | 3-2 |
| 3 | വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കണം. | 3-3 |
| 4 | കുടിവെള്ളപദ്ധതികൾ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 5 | സബ്സിഡി മാർഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 6 | PMAY ഭവന നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം | 3-6 |
| 7 | പറയൻകുന്ന് കനാൽ ബണ്ട് പുത്തൻകോട് പള്ളിയാൽ റോഡ് | 3-7 |

| | | |
|---|---|---|
| 8 | പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് | 3-8 |
| 9 | ക്യാൻസർ രോഗനിർണ്ണയ ക്യാംപ് -തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്. | 3-9 |
| 10 | മാലിന്യ സംസ്കരണത്തിനുള്ള ബാഗുകൾ വിതരണം പൂർത്തിയാക്കിയിട്ടില്ല. | 3-10 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം -1
# പൊതു അവലോകനം

# 1-1 ബജറ്റ്

20-03-2017തീയതിയിലെ 1-ാം.നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-5-2018 | 14.5.2018 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 6.7.2018 – 7.7.2018 | നം.കെ.എസ്.എ-പികെഡി.21/1905(6)/2018 തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 52513273 |
| വരവ് | 86144640 |
| ആകെ | 138657913 |
| ചെലവ് | 103257018 |
| നീക്കിയിരിപ്പ് | 35400895 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നിക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 30806696 | 30806696 | 27100913 | 3705783 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 24450000 | 24450000 | 22302183 | 2147817 |
| വികസനഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 126000 | 126000 | 126000 | -0- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3924000 | 3924000 | 3795130 | 128870 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ. | | | | | |
| എസ്.ജി. എസ്.വൈ | 6559 | 384 | 6843 | -0- | 6843 |
| ബി.ആർ. ജി.എഫ് | 170422 | 2114 | 172536 | 172536 | -0- |
| പൈക്ക | 133520 | 1730 | 135250 | 135250 | -0- |
| ടി.എസ്.സി | 1720501 | 93538 | 1814039 | 120473 | 1693566 |
| ഐ.ഡബ്ളി. യു.എം.പി | 476717 | 17757 | 494474 | -0- | 494474 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ബി ഫണ്ട് | 0 | 1074487 | 1074487 | 1074487 | 0 |
| സാക്ഷരത | 0 | 70300 | 70300 | 70300 | 0 |
| ജോയിന്റ് വെഞ്ചർ (ജില്ലാ പഞ്ചാ) | 14589555 | 17493192 | 32082747 | 19318010 | 12764737 |
| ജോയിന്റ് വെഞ്ചർ (പഞ്ചാ) | 24004631 | 3606575 | 27611206 | 15805644 | 11805562 |
| ജോയിന്റ് വെഞ്ചർ (ബ്ളോക്ക് പഞ്ചാ) | 0 | 8771100 | 8771100 | 0 | 8771100 |
| ബെസ്റ്റ് പഞ്ചായത്ത് | 0 | 2500000 | 2500000 | 1567256 | 932744 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 3582000 | 3582000 | 3582000 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 110110549 | 103 | 54992025 | - | 10 | 91% |

# 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പ്രത്യേക അപാകതകൾ ഒന്നും തന്നെയില്ല.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-10-2018മുതൽ 7-11-2018വരെ | 01-04-2017മുതൽ 31-03-2018വരെ | ലഭ്യമായില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2൨-03-18മുതൽ 28-03-2018വരെ | 2012-13മുതൽ 28-03-2018വരെ | 20-06-2018 |

**ഭാഗം-2**

**ഒന്നുമില്ല**

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ അവലോകനം

**1) ഗ്രോബാഗ് വിതരണം -സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്തു**

പ്രൊജക്ട് നമ്പർ -37/18

പ്രൊജക്ട് - വിദ്യാലയങ്ങൾ/പൊതുസ്ഥാപനങ്ങൾ എന്നിവടങ്ങളിലെ പച്ചക്കറി കൃഷി

അടങ്കൽ -150000 (പദ്ധതി വിഹിതം-ജനറൽ)

ചെലവ് -150000 (ബിൽ നമ്പർ 2/17-18 തീയതി 23.1.2018)

വിദ്യാലയങ്ങൾ/പൊതുസ്ഥാപനങ്ങൾ എന്നിവടങ്ങളിലെ പച്ചക്കറി കൃഷി പ്രൊജക്ട് പ്രകാരം 30 സ്ഥാപനങ്ങൾക്ക് ഗ്രോബാഗ് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

a) സബ്സിഡി മാർഗ്ഗരേഖ സ.ഉ (എം.എസ്) 80/2017/ത.സ്വ.ഭ.വ തീയതി 3.4.2017 പ്രകാരം പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും എന്ന പ്രൊജക്ട് ഗ്രാമപഞ്ചായത്തും നഗരഭരണസ്ഥാപനവും മാത്രമേ ഏറ്റെടുക്കാവൂ.

b) പ്രസ്തുത പദ്ധതിയുടെ രൂപീകരണ വേളയിൽ ഗുണഭോക്തൃ വിഹിതം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/3.5.19) നൽകിയെങ്കിലും മറുപടിയൊന്നും സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 150000 രൂപ തടസ്സപ്പെടുത്തുന്നു. വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകൾ തയ്യാറാക്കുന്ന വേളയിൽ കേരള പഞ്ചായത്ത്രാജ് 4-ാം പട്ടിക-112 വകുപ്പ് 1 ൽ ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ചുമതലകളും കൂടി കണക്കിലെടുക്കേണ്ടതാണ്.

2) പച്ചക്കറി കർഷക ഗ്രൂപ്പുകൾക്ക് യന്ത്രസാമഗ്രികൾ വിതരണം എന്ന പ്രൊജക്ട് (38) പ്രകാരം താഴെ പറയുന്ന ഗ്രൂപ്പുകൾക്ക് ഗാർഡൻ ടില്ലർ, കാടുവെട്ടി യന്ത്രം എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

| ഗ്രൂപ്പിന്റെ പേര് | നൽകിയ ഉപകരണങ്ങൾ |
|---|---|
| കാരാകുർശ്ശി ക്ലസ്റ്റർ | കാടുവെട്ടി യന്ത്രം, ഗാർഡൻ ടില്ലർ |
| പുല്ലിശ്ശേരി ക്ലസ്റ്റർ | കാടുവെട്ടി യന്ത്രം, ഗാർഡൻ ടില്ലർ |
| പുഞ്ചപ്പാടം ഹരിതശ്രീ ക്ലസ്റ്റർ | കാടുവെട്ടി യന്ത്രം |

സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

a) തദ്ദേശഭരണസ്ഥാപനതലത്തിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കിയില്ല.

b) യന്ത്രോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും ലോഗ് ബുക്കും മെയിന്റനൻസ് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കിയില്ല.

c) പീരിയോഡിക് പരിശോധന നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

# 3-2 'പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്'-നിർവഹണത്തിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നം.70/18- 'പ്രഫഷണൽ കോഴ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്' പ്രോജക്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ 42 പട്ടികജാതി വിദ്യാർത്ഥികൾക്ക് ആകെ 10,40,000 രൂപ വിതരണം നൽകിയിട്ടുണ്ട്.

2017-18 വർഷത്തേക്കുള്ള സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗരേഖ 80/2017 തസ്വഭവ -തി.3.4.2017 ഖണ്ഡിക11.8.2 പ്രകാരം ചുവടെചേർക്കുന്ന ക്രമത്തിലാണ് സ്കോളർഷിപ്പ് നൽകേണ്ടത്.1)മെഡിക്കൽ കോഴ്സിന് 30,000 രൂപ 2) എഞ്ചിനീയറിംഗ് കോഴ്സിന് 20,000 രൂപ 3) ബിരുദാനന്തര/ഗവേഷണ കോഴ്സുകൾക്ക് 30,000 രൂപയും 4) മറ്റെല്ലാ കോഴ്സുകൾക്ക് 15,000 രൂപ വീതം. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലുൾപ്പെടുത്തി ബി.എസ്.സി നഴ്സിംഗ്,ബി-ഫാം ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന താഴെചേർക്കുന്ന വിദ്യാർത്ഥികൾക്ക് 30,000 രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | കോഴ്സ്, സ്ഥാപനം |
|---|---|---|
| 1 | ആതിര കെ.കെ | ബി.എസ്.സി.നഴ്സിംഗ്, SIMET മലമ്പുഴ |
| 2 | ജിനമോൾ.പി | ബി.ഫാം,മൗലാനാ കോളേജ് ഓഫ് ഫാർമസി |
| 3 | ആതിര.പി | ബി.എസ്.സി.നഴ്സിംഗ്, കരുണ കോളേജ് ഓഫ് നേഴ്സിംഗ്, വിളയോടി |
| 4 | ദിവ്യ.കെ.ആർ | ബി.എസ്.സി.നഴ്സിംഗ്, SIMET മലമ്പുഴ |

| | | |
|---|---|---|
| 5 | ശരണ്യദാസ് | ബി.എസ്.സി.നഴ്സിംഗ്, സെവെൻത്ത് ഡേ അഡ്വെന്റിസ്റ്റ് ഹോസ്പിറ്റൽ |
| | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) 2017-18 മാർഗരേഖ പ്രകാരം മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദാനന്തബിരുദം, മറ്റ് കോഴ്സുകൾ എന്നാണ് പരാമർശിച്ചിട്ടുള്ളത്. ആയതിനാൽ മെഡിക്കൽ കോഴ്സ് എന്ന ഗണത്തിൽ ബി.എസ്.സി നഴ്സിംഗ്, ബി.ഫാം കോഴ്സുകൾ ഉൾപ്പെടും എന്ന നിഗമനത്തിലും, പദ്ധതി മാർഗരേഖയിൽ ബിരുദ കോഴ്സ് എന്ന് പ്രത്യേകം പരാമർശിക്കാതിരുന്നതിനാലും വിദ്യാഭ്യാസ ചെലവ് താരതമ്യേന കൂടുതലായതിനാലുമാണ് മേൽപറഞ്ഞ കോഴ്സുകളെ മെഡിക്കൽ വിഭാഗത്തിലുൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിട്ടുള്ളത് എന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ബി.എസ്.സി നഴ്സിംഗ്, ബി.ഫാം കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിഭാഗത്തിലുൾപ്പെടുത്തി ആയത് പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ നൽകേണ്ടതാണ്.

# 3-3 വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കണം

പ്രോജക്ട് നം. SO 044/18പ്രകാരം ഭാരതപ്പുഴപഠനം എന്ന പ്രോജക്ടിന് ബിൽ നം. 12/18 തീ. 16/8/2017 മുഖേന 40000രൂ. ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4 /3-5-2019ന് ലഭ്യമാക്കിയ മറുപടിയിൽ ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-4 കുടിവെള്ളപദ്ധതികൾ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് ധാരാളം കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തിന് വിധേയമായിട്ടാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതെന്ന് ജി.ഒ.(എം.എസ്.) 72/2017,ത.സ്വ.ഭ.വ, തീയ്യതി 28-3-2017പ്രകാരമുള്ള മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4 /3-5-2019ന് ലഭ്യമാക്കിയ മറുപടിയിൽ ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-5 സബ്സിഡി മാർഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 104/18 – ഹെലൻ കെല്ലർ സ്മാരക അന്ധ വിദ്യാലയത്തിലേക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് ബിൽ നം.52/2017-18, തീയ്യതി 28-2-2018പ്രകാരം 103868 രൂ. സരസ്വതി മ്യൂസിക്കൽസ് എന്ന സ്ഥാപനത്തിന് വിവിധ വാദ്യോപകരണങ്ങൾ നൽകിയതിന്റെ വിലയായി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗരേഖ , സ.ഉ.(എം.എസ്.)നം. 80/2017, ത.സ്വ.ഭ.വ, തീയ്യതി. 3-4-2017പ്രകാരമുള്ള സബ്സിഡി മാർഗനിർദേശങ്ങൾ എന്നിവ അനുസരിച്ച് ഇത്തരം പ്രോജക്ട് പദ്ധതി ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് വ്യവസ്ഥ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4 /3-5-2019ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവ് തുക 1,03,868.00 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-6 PMAY-ഭവന നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം

പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതിയിൻ കീഴിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

യൂണിറ്റ് നിരക്ക് -400000

| ക്രമ നം. | പേരും വിലാസവും | അനുവദിച്ച തുക | ബാക്കി തുക |
|---|---|---|---|
| 1 | സേതു s/o കോരൻ<br>രാവുണ്ണി പള്ളിയിൽ വീട് | 326000 | 74000 |

| | | | |
|---|---|---|---|
| | പൂക്കോട്ടുക്കാവ് | | |
| 2 | ദാമോദരൻ s/o രാമൻ<br>പ്ലാച്ചിക്കുന്ന് വീട്<br>പൂക്കോട്ടുക്കാവ് | 306000 | 94000 |
| 3 | ബേബി w/o ശങ്കരൻ<br>കൈപ്പഞ്ചേരിത്തൊടി വീട്<br>പൂക്കോട്ടുക്കാവ് | 306000 | 94000 |
| 4 | ശാന്ത ഗോപാലൻ<br>കൊട്ടിലങ്ങിൽത്തൊടി വീട്<br>പൂക്കോട്ടുക്കാവ് | 306000 | 94000 |
| 5 | ജാനു ചന്ദ്രൻ<br>പൂതംങ്ങോട് പറമ്പ്<br>പൂക്കോട്ടുക്കാവ് | 208000 | 192000 |
| 6 | അയ്യപ്പൻ s/o ചെള്ളി<br>കൊട്ടിലങ്ങിൽത്തൊടി വീട്<br>പൂക്കോട്ടുക്കാവ് | 226000 | 174000 |
| 7 | നാരായണൻകുട്ടി s/o ചാത്തൻ<br>ചെറുമ്പാലത്തൊടി വീട്<br>കൊട്ടിലങ്ങിൽത്തൊടി വീട്<br>പൂക്കോട്ടുക്കാവ് | 306000 | 94000 |
| 8 | അയ്യപ്പൻ<br>വാഴക്കോട് വീട്<br>പൂക്കോട്ടുക്കാവ് | 128000 | 272000 |
| 9 | ചാമി s/o കറുപ്പൻ<br>നീലാഞ്ചേരിക്കുന്ന്<br>പൂക്കോട്ടുക്കാവ് | 226000 | 174000 |
| 10 | മാധവി w/o കോന്നി<br>കുളങ്ങരത്തൊടി<br>പൂക്കോട്ടുക്കാവ് | 306000 | 94000 |
| 11 | യശോദ കുട്ടികൃഷ്ണൻ<br>കുമ്പൻപാറക്കൽ<br>പൂക്കോട്ടുക്കാവ് | 226000 | 174000 |

| | | | |
|---|---|---|---|
| 12 | അയ്യപ്പൻ s/o ചാമി<br>ആശാരിക്കുന്ന്<br>പൂക്കോട്ടുക്കാവ് | 128000 | 272000 |
| 13 | ചങ്ങൻ s/o ചങ്ങൻ<br>കുളങ്ങരത്തൊടി വീട്<br>പൂക്കോട്ടുക്കാവ് | 208000 | 192000 |
| 14 | ഉഷ w/o ശിവശങ്കരൻ<br>കൊട്ടിലങ്ങൽത്തൊടി<br>പൂക്കോട്ടുക്കാവ് | 48000 | 352000 |
| 15 | കാളിക്കുട്ടി s/o ശങ്കരൻ<br>കളത്തിൽത്തൊടി<br>പൂക്കോട്ടുക്കാവ് | 48000 | 352000 |
| 16 | സുരേഷ് കുമാർ s/o അയ്യപ്പൻ<br>രാവുണ്ണിപ്പള്ളിയാലിൽ<br>മുന്നൂർക്കോട് | 351000 | 49000 |
| 17 | ശങ്കരൻ s/o അയ്യപ്പൻ<br>കുമ്പൻപാറക്കൽ വീട്<br>പൂക്കോട്ടുക്കാവ് | 331000 | 69000 |
| 18 | കുഞ്ഞമ്മ<br>വയനിപ്പാടം<br>കടമ്പഴിപ്പുറം | 316000 | 84000 |
| 19 | ഇബ്രാഹിം s/o കുഞ്ഞിമുഹമ്മദ്<br>പുല്ലിശ്ശേരി<br>കടമ്പഴിപ്പുറം | 48000 | 352000 |
| 20 | സിഗ്ബത്ത് s/o സൈതാലി<br>കോണിക്കഴി<br>കടമ്പഴിപ്പുറം | 48000 | 352000 |
| 21 | ഫാത്തിക സൈതലവി<br>മേലേതിൽ<br>ശ്രീകൃഷ്ണപുരം | 48000 | 352000 |
| 22 | കദീജ സൈതാലി<br>ചെറിയോടത്തു പറമ്പിൽ | 48000 | 352000 |

| | | | |
|---|---|---|---|
| | ശ്രീകൃഷ്ണപുരം | | |
| 23 | അമ്മിണി s/o കുമാരൻ<br>തിരുനാരായണപുരം<br>വെള്ളിനേഴി | 128000 | 272000 |
| 24 | രാമൻ s/o ചാത്തൻകുട്ടി<br>കുന്നംകാട്ട് ഹൗസ്<br>വാക്കടപ്പുറം | 243000 | 157000 |
| 25 | അബ്ദു നസീർ<br>കിഴക്കേതിൽ ഹൗസ്<br>കോട്ടപ്പുറം | 176000 | 224000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-7 പറയൻകുന്ന് കനാൽ ബണ്ട് പുത്തൻകോട് പള്ളിയാൽ റോഡ് (എസ്.ഓ.049/17 എസ്.സി.പി)

പദ്ധതി അടങ്കൽ -900000/-രൂപ

ബിൽ നം. - 5/17-18 dt.30-6-2017

തുക - 380372/-രൂപ

കരാറുകാരൻ -എം.ജോൺ

എഗ്രീമെന്റ് നം -25/16-17/AEE/LSGD/SKPM.Dt.13.01.2017

2017-18 സാമ്പത്തിക വർഷത്തിൽ ടി പ്രവർത്തി റിവൈസ്ഡ് എസ്റ്റിമേറ്റോടുകൂടി പൂർത്തീകരിക്കുകയാണുണ്ടായത്. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന രണ്ടിനങ്ങൾ ഇവിടെ ഒഴിവാക്കിയിട്ടുണ്ട്. 100 മീറ്റർ നീളത്തിലും സുമാർ 1.2മീറ്റർ ഉയരത്തിലും നിർമ്മിച്ചിരിക്കുന്ന കരിങ്കൽകെട്ടിന് മുകളിലുള്ള ടോപ്പ് ബെൽറ്റ് നിർമ്മിക്കുന്നത് ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റോടുകൂടി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ക്രമപ്രകാരമല്ല. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിൽ തുടർ വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടോപ്പ് ബെൽറ്റ് ചെയ്യാതെ സംരക്ഷണഭിത്തി ഡ്രൈറബിൾ മേസിനറിയിൽ കെട്ടുന്നത് പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുന്നതായി കണക്കാക്കുവാൻ കഴിയില്ല. ടി സാഹചര്യത്തിൽ പ്രവർത്തി പൂർത്തീകരിക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 3-8 ക്യാൻസർ രോഗനിർണ്ണയ ക്യാംപ് -തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് -ക്യാൻസർ രോഗനിർണ്ണയ ക്യാമ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

പ്രോജക്ട് നം-43/2017-18

അടങ്കൽ തുക-75000/-

ചെലവ്- 75000/- രൂപ (ബിൽ നമ്പർ -6/17-18 Rs 26920 തീയ്യതി -30.12.17

ബിൽ നമ്പർ -33/17-18 Rs 21580 തീയ്യതി - 28.3.18

ബിൽ നമ്പർ -36/17-18 Rs 26500 തീയ്യതി - 28.3.18

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ശ്രീകൃഷ്ണപുരം

Early cancer detection centre, കഞ്ചിക്കോടിന്റെ സഹായ സഹകരണത്തോടെ താഴെ പറയുന്ന സ്ഥലങ്ങളിൽ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് നടത്തിയതിനാണ് മേൽ പറഞ്ഞ തുക ചെലവഴിച്ചത്.

| ക്യാമ്പ് നടത്തിയ സ്ഥലം | പങ്കെടുത്ത ആളുകളുടെ എണ്ണം |
|---|---|
| കടമ്പഴിപ്പുറം സി.എച്ച്.സി | 157 |
| എലമ്പുലാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം | 150 |
| ശ്രീകൃഷ്ണപുരം കുടുംബാരോഗ്യ കേന്ദ്രം | 124 |

എത്ര രോഗികളെ പുതുതായി കണ്ടെത്തിയെന്ന കാര്യത്തിൽ യാതൊരു വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. പ്രൊജക്ട് നിർവ്വഹണത്തിൽ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രൊജക്ട് നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിലോ ,ആരോഗ്യ സ്ററാന്റിംഗ് കമ്മിറ്റിയിലോ ഉയർന്നുവന്നതായും കാണുന്നില്ല. ഇതുകൊണ്ടു തന്നെ പ്രൊജക്ട് അനിവാര്യമായിരുന്നോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.
2) പ്രൊജക്ട് പ്രകാരം കണ്ടെത്തുന്ന രോഗികളുടെ കാര്യത്തിൽ എന്തു തുടർപ്രവർത്തനങ്ങൾ നടത്തുമെന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല.കണ്ടെത്തിയ രോഗികളുടെ കാര്യത്തിൽ എന്തു ചെയ്തുവെന്നത് സംബന്ധിച്ച വിശദാംശം ഫയലിലും ലഭ്യമല്ല.

3) സന്നദ്ധ പ്രവർത്തകർക്ക് ഹോണറേറിയം വിതരണം ചെയ്തത് മുഴുവനായും ബാങ്ക് അക്കൌണ്ട് വഴിയല്ല.ചില സന്ദർഭങ്ങളിൽ കുറേ പേർക്കുള്ള തുക മുഴുവൻ ഒരു വ്യക്തിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നുമാണ് തുക വിതരണം ചെയ്തതെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇടപാടിലെ സുതാര്യത പൂർണ്ണമായും ഉറപ്പുവരുത്താൻ ഇതുമൂലം കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (5/4.5.2019)നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ ഇനത്തിനാണ് പ്രൊജക്ട് രൂപീകരിച്ചതെന്ന് ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥനോ ,പ്രൊജക്ടിന് അംഗീകാരം നല്കിയ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കോ കഴിഞ്ഞിട്ടില്ലെന്ന കാണാം. കൂടാതെ പ്രൊജക്ട് പ്രകാരം പുതുതായി കണ്ടെത്തിയ രോഗികളുടെ എണ്ണം എത്രയെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് ചെലവ് എത്രത്തോളം സാധൂകരിക്കപ്പെടുന്നെന്ന് വിലയിരുത്തേണ്ടതുമാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 മാലിന്യസംസ്കരണത്തിനുള്ള ബാഗുകളുടെ വിതരണം പൂർത്തിയാക്കിയിട്ടില്ല

SO 69/18 പ്രകാരം ശുചിത്വ മിത്ര അജൈവ മാലിന്യ സംഭരണി എന്ന പ്രോജക്ടിന് ബിൽ നം. 28/17-18, തീയ്യതി. 30-10-17 പ്രകാരം 179400 രൂപയും , ബിൽ നം. 36/17-18, തീയ്യതി. 10-1-18 പ്രകാരം 149500 രൂപയും ബിൽ നം. 47/17-18, തീയ്യതി. 24-1-2018 പ്രകാരം 119600 രൂപയും ഉൾപ്പെടെ ആകെ 448500 രൂ. അപ്സര ഇൻസ്ററിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് മാലിന്യ സംഭരണത്തിനുള്ള ബാഗിന്റെ തുകയായി നൽകിയിട്ടുണ്ട്. ടി സ്ഥാപനം ആകെ 15000 ബാഗുകൾ വിതരണം ചെയ്തതിൽ 8500 ബാഗുകൾ മാത്രമാണ് വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് വിതരണം നടത്തിയിട്ടുള്ളത്. മറ്റു ബാഗുകൾ വിതരണം നടത്താതെ ഇപ്പോഴും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4 /3-5-2019ന് ലഭ്യമാക്കിയ മറുപടിയിൽ ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ആയവ വിതരണം നടത്തി മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | മുന്നിരിപ്പ് | ലഭിച്ച | പ്രോജക്ടിന്റെ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | | തുക | പേര് | | | യിരിപ്പ് |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 14589555 | 17493192 | ഐ.എ.വൈ | 32082747 | 19318010 | 12764737 |
| ശ്രീകൃഷ്ണ പുരം ഗ്രാമ പഞ്ചായത്ത് | 2017-18 | 24004631 | 3606575 | ഐ.എ.വൈ | 27611206 | 15805644 | 11805562 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 0 | 8771100 | - | 8771100 | 0 | 8771100 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിട്ടി | പട്ടശ്ശേരി മുറിയത്ത് കോളനി കിഴക്കുംപുറം ലക്ഷം വീട് കോളനി | 15/30.06.17 | 375000/- | 375000/- | -0- |
| 2 | കേരള വാട്ടർ അതോറിട്ടി | കൊട്ടേക്കാട് കോളനി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 16/30.06.17 | 520000/- | 520000/- | -0- |
| 3 | കേരള വാട്ടർ അതോറിട്ടി | മച്ചിങ്കൽ കിഴക്കേക്കര പൊട്ടിയൻകുന്ന് കുരവൻ കുന്ന് കോളനി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 17/30.06.17 | 1020000/- | 1020000/- | -0- |
| 4 | കേരള വാട്ടർ | കൊലാനി വെളുങ്ങോട് | 18/30.06.17 | 1230000/- | 1230000/- | -0- |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിട്ടി | കോളനികുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | | | |
| 5 | കേരള വാട്ടർ അതോറിട്ടി | ആനവരമ്പ് മദംപൊട്ടി കൊടിയാത്ത് വടക്കേക്കര കോളനികുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 19/30.06.17 | 730000/- | 730000/- | -0- |
| 6 | കേരള വാട്ടർ അതോറിട്ടി | ഷാരുകോവിൽ വടക്കേക്കര കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 20/30.06.17 | 1720000/- | 1720000/- | -0- |
| 7 | കേരള വാട്ടർ അതോറിട്ടി | ഓണപ്പറമ്പ് മൊളഞ്ഞിക്കാട് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21/30.06.17 | 560000/- | 560000/- | -0- |
| 8 | കേരള വാട്ടർ അതോറിട്ടി | കുളപ്പറമ്പ് കുന്ന് പാറയ്ക്കൽ കോളനി മുണ്ടയ്ക്കൽപ്പറമ്പ് കോളനി | 31/08.09.17 | 420000/- | 420000/- | -0- |
| 9 | കേരള വാട്ടർ അതോറിട്ടി | പുളിയക്കോട് കോളനി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 32/08.09.17 | 240000/- | 240000/- | -0- |
| 10 | കേരള വാട്ടർ അതോറിട്ടി | മുന്നോർക്കോട് ചക്ക്മുക്ക് വടക്കുമുറി കോളനികുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 33/08.09.17 | 1000000/- | 1000000/- | -0- |
| 11 | കേരള വാട്ടർ അതോറിട്ടി | കടവത്ത് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 34/08.09.17 | 550000/- | 550000/- | -0- |
| 12 | കേരള വാട്ടർ അതോറിട്ടി | അലറിയോട് കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 87/30.06.17 | 550000/- | 550000/- | -0- |

| | | | | | | |
|---|---|---|---|---|---|---|
| 13 | കേരള വാട്ടർ അതോറിട്ടി | മംഗലംകുന്ന് കുന്നംപുറം കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 87/17.01.18 | 565000/- | 565000/- | -0- |
| 14 | കേരള വാട്ടർ അതോറിട്ടി | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 88/17.01.17 | 840000/- | 840000/- | -0- |
| 15 | കേരള വാട്ടർ അതോറിട്ടി | വിവിധ ഘടക സ്ഥാപനങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 88/17.01.18 | 170000/- | 170000/- | -0- |
| | | ആകെ | | 10490000 | 10490000 | -0- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഒന്നുമില്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഒന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86144640 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103257018 |
| വരവിനങ്ങളിലുള്ള നഷ്ടം | -0- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -0- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 484240 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 103868/- | കെ. മൊയ്തുട്ടി സെക്രട്ടറി |
| 3-7 | 380372 | അനീഷ്.ടിഎസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| കെ. മൊയ്തൂട്ടി സെക്രട്ടറി | വിരമിച്ചു | കല്ലൂരക്കൽ വീട് പൂളക്കുണ്ട് ഒറ്റപ്പാലം പി ഒ 679101 |
| അനീഷ്.ടിഎസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എക്സി. എഞ്ചിനിയർ, മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | അളകാപുരി,<br>മിനി സിവിൽ സ്റ്റേഷന് സമീപം,<br>ഒറ്റപ്പാലം- 679104 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P6/25/2000/16.10.2000 | പുനരഭിപ്രായം |
| 1999-00 | LF.P8/1662/08/17.4.2009 | പുനരഭിപ്രായം |
| 2000-01 | LF.P6/1137/2003/13.2.2004/10.3.2004 | പുനരഭിപ്രായം |
| 2001-02 | LF.P8/1574/2008/6.3.2009 | കത്ത് |
| 2002-03 | LF.P6/942(1)/2004/7.12.2009 | പുനരഭിപ്രായം |
| 2003-04 | LF.P8/1663/08/3.4.2009 | പുനരഭിപ്രായം |
| 2004-05 | LF.P8/786/14/3.7.2014 | പുനരഭിപ്രായം |
| 2005-06 | LF.P8/778/14/11.8.2014 | പുനരഭിപ്രായം |
| 2006-07 | LF.P8/356/12/29.3.2012 | ശുദ്ധിപത്രം |
| 2007-08 | LF.P12/748/14/3.6.14 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |

| | | |
|---|---|---|
| 2010-11 | | |
| 2011-12 | | |
| 2012-13 | L.F.P12/1932/14/8.12.2014 | പുനരഭിപ്രായം |
| 2013-14 & 2014-15 | KSA PKD-12/951/2016 dt.29.06-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD 12/2323/16 dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA.PKD .12-1540/17 dt.06-102017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. ആസ്തി രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല.

2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ കൃത്യമായ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ഫൈനൽ ബിൽ ആകുന്ന മുറയ്ക്ക് അതാത് ആസ്തികളിലേയ്ക്ക് വരവ് വച്ചിട്ടുള്ളത് കണക്കാക്കുന്നതിന് സ്ഥാപനം വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. മൂന്നുമാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കിലെ തുക (ട്രഷറി ടി.എസ്.ബി.അക്കൗണ്ട് - ചെക്ക് നം.1760866 - 250/- രൂപ) കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് (balance sheet schedule B-9) മാറ്റിയിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വാർഷിക ധനകാര്യ പത്രികകൾ - സംക്ഷിപ്തം

| INCOME&EXPENDITURE | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 67200.00 |
| 150000000 | Sale & Hire Charges | I-5(b) | 141305.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 60555179.00 |
| 171000000 | Interest Earned | I-8 | 33285.00 |
| 180000000 | Other Income | I-9 | 28116.00 |
| | **Total Income** | | **60825085.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 1985401.00 |
| 220000000 | Administrative Expenses | I-11(b) | 1869739.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 598076.00 |
| 240000000 | Interest & Finance Charges | I-13 | 69512.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6185453.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 46505413.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 807934.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 899366.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 0.0 |
| 255000000 | Maintenance Projects | I-14(e) | 13564541.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 52000.00 |
| 272000000 | Depreciation | I-17(a) | 3135633.00 |
| | **Total Expenditure** | | **75673068.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-14847983.00** |
| 280000000 | Prior Period Item | I-18 | 1546685.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-16394668.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Receipts & Payments | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 52513273.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 67200.00 |
| 150000000 | Sale & Hire Charges | RP-5 | 141305.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56906226.00 |
| 171000000 | Interest Earned | RP-9 | 35003.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 25240256.00 |
| 350000000 | Other Liabilities | RP-36 | 2584772.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 28116.00 |
| 311000000 | Earmarked Funds | RP-29 | 29775.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 581098.00 |
| 350000000 | Other Liabilities | RP-36 | 34908.00 |
| 460000000 | Loans, Advances and Deposits | RP-47 | 495981.00 |
| | **Grand total** | | **138657913.00** |
| | **PAYMENTS** | | |
| | **Operating** | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 1880401.00 |
| 220000000 | Administrative Expenses | RP-12 | 1854739.00 |
| 230000000 | Operations & Maintenance | RP-13 | 598076.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6185453.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 46505413.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 807934.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 899366.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| 255000000 | Maintenance Projects | RP-20 | 13564541.00 |
| | | | |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 52000.00 |
| 280000000 | Prior Period item | RP-26 | 1546685.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 200486.00 |
| 350000000 | Other Liabilities | RP-36 | 924457.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 69512.00 |
| 311000000 | Earmarked Funds | RP-29 | 1575.00 |
| 340000000 | Deposits Received | RP-34 | 257715.00 |
| 350000000 | Other Liabilities | RP-36 | 22984.00 |
| 410000000 | Fixed Assets | RP-38 | 7524367.00 |
| 412000000 | Capital work in Progress | RP-40 | 10764909.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2544089.00 |
| 460000000 | Loans, Advances and Deposits | RP-47 | 7052316.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 35400895.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **138657913.00** |

| Balance Sheet | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -7273473.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 81597435.00 |
| | Total Reserve & Surplus | | 74323962.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 36512183.00 |
| | Total Grants, Contributions for Specific Purposes | | 36512183.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 750356.00 |
| 350000000 | Other Liabilities | B-9 | 2348971.00 |
| | Total Current Liabilities and Provisions | | 3099327.00 |
| | TOTAL LIABILITIES | | 113935472.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77085860.00 |
| 411000000 | Accumulated Depreciation | B-11 | -11739229.00 |
| 412000000 | Capital Work in Progress | B-11(a) | 4114551.00 |
| | Total Fixed Assets | | 69461182.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2544089.00 |
| 450000000 | Cash and Bank Balance | B-17 | 35400895.00 |
| 460000000 | Loand, Advances and Deposits | B-18 | 6529306.00 |
| | Total Current Assets, Loans and Advances | | 44474290.00 |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 113935472.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ